പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2099 — 26.03.2013 -ൽ മറുപടിക്ക്

## ഡീസൽ വിലയിലെ അന്തരം

ചോദ്യം — ഉത്തരം

ശ്രീ. രാജു എബ്രഹാം — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ക്ക് ഇപ്പോൾ ഡീസൽ ലഭിക്കുന്നത് ലിറ്ററിന് എത്ര രൂപ നിരക്കിലാണ്; മറ്റ് സ്വകാര്യ ബസ്സുകൾക്കും വാഹനങ്ങൾക്കും ഡീസൽ വില എത്ര രൂപയാണ്; എന്തുകൊണ്ടാണ് ഈ വ്യത്യാസം; പ്രസ്തുത വില വർദ്ധന എന്നുമുതലാണ് നടപ്പിലായിട്ടുള്ളത്; ഇതിന്റെ ഉത്തരവാദിത്വം ആർക്കാണ്; | (എ) | 20.03.2013 -ൽ ലിറ്ററിന് 60 രൂപ 18 പൈസയ്ക്കാണ് കെ.എസ്.ആർ.ടി.സി. ക്ക് ഡീസൽ ലഭിയ്ക്കുന്നത്.<br><br>റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ 50 രൂപ 86 പൈസയ്ക്കാണ് ഡീസൽ ലഭിയ്ക്കുന്നത്.<br><br>വൻകിട ഉപഭോക്താവ് എന്ന നിലയിൽ ഡീസലിനുണ്ടായിരുന്ന സബ്സിഡി നിർത്തലാക്കിയതു കൊണ്ടാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് ഉയർന്ന നിരക്കിൽ ഡീസൽ വാങ്ങേണ്ടി വരുന്നത്.<br><br>18-1-2013-ൽ ഡീസൽ വില നിയന്ത്രണം എടുത്തുകളഞ്ഞതിനെ തുടർന്ന് വൻകിട ഉപഭോക്താവ് എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്ന ഡീസൽ ലിറ്ററിന് 11 രൂപ 53 പൈസ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന് 01-2-2013-ൽ 8 പൈസയും, 16-2-2013-ൽ ഒരു രൂപ 80 പൈസയും, 01-3-2013-ൽ ഒരു രൂപ 19 പൈസയും വർദ്ധിപ്പിക്കുകയുണ്ടായി.<br>16-3-2013 മുതൽ കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്ന ഡീസലിന്റെ വിലയിൽ ഓയിൽ കമ്പനികൾ ലിറ്റർ ഒന്നിന് 3 രൂപ 14 പൈസയുടെ കുറവ് വരുത്തിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. പ്രതിദിനം എത്ര സർവ്വീസുകളാണ് സബ്സിഡി എടുത്തുകളയുന്നതിനുമുമ്പ് നടത്തിയിരുന്നത്; ഇതിനായി എത്ര ലിറ്റർ ഡീസൽ പ്രതിദിനം ചെലവാക്കിയിരുന്നു; എത്ര കിലോമീറ്റർ ദൂരം ഇതുപയോഗിച്ച് ഓടിയിരുന്നു; ഇതിനായി എന്ത് ചെലവാണ് ഉണ്ടായിരുന്നത്; സബ്സിഡി എടുത്തുകളയുന്നതിനുമുൻപുള്ള | (ബി) | ഡീസൽ സബ്സിഡി എടുത്തു മാറ്റിയതിനു തൊട്ടുമുമ്പുള്ള 2012 ഡിസംബർ മാസത്തിൽ കെ.എസ്.ആർ.ടി.സി. പ്രതിദിന ശരാശരി 4564 സർവ്വീസുകൾ നടത്തിയിട്ടുണ്ട്.<br>പ്രതി ദിനം ശരാശരി 4,10,000 ലിറ്റർ ഡീസൽ ഉപയോഗിച്ചിട്ടുണ്ട്.<br>ശരാശരി 15,60,760 കി.മീറ്റർ ദൂരം ദിനം പ്രതി സർവ്വീസ് നടത്തിയിരുന്നു.<br><br>ഈ ഇനത്തിൽ പ്രതിദിനം |

| | | | |
|---|---|---|---|
| | ഒരു മാസത്തെ ഇനത്തിലെ കണക്ക് ലഭ്യമാക്കാമോ; | | ശരാശരി 2 കോടി രൂപയുടെ ചെലവുണ്ടായിരുന്നു.<br>2012 ഡിസംബർ മാസത്തിൽ 4,83,83,550 കി. മീറ്റർ സർവ്വീസ് നടത്തിയിട്ടുണ്ട്.<br>1,29,58,008 ലിറ്റർ ഡീസൽ ഉപയോഗിച്ചിട്ടുണ്ട്.<br>65.31 കോടി രൂപ ഓയിൽ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | സബ്സിഡി നീക്കംചെയ്തശേഷം നടത്തിയിട്ടുള്ള സർവ്വീസുകളുടെ വിശദാംശങ്ങൾ, സർവ്വീസ് നടത്തിയ ബസ്സുകളുടെ എണ്ണം, ചെലവായ ഡീസൽ, അതിന് ചെലവഴിച്ച തുക, സർവ്വീസ് നടത്തിയ ആകെ ദൂരം, സബ്സിഡിയുണ്ടായിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക ഈ രണ്ടു തുകകളും തമ്മിലുള്ള അന്തരം എന്നിവ വ്യക്തമാക്കാമോ? | (സി) | സബ്സിഡി നീക്കം ചെയ്ത ശേഷമുള്ള ഫെബ്രുവരി മാസം പ്രതിദിന ശരാശരി 4251 സർവ്വീസുകൾ നടത്തിയിട്ടുണ്ട്. ഫെബ്രുവരി മാസത്തിലെ ദിവസങ്ങളുടെ കുറവും രണ്ട് ദിവസത്തെ പൊതു പണിമുടക്കുമാണ് സർവ്വീസ് നടത്തിപ്പിലെ ശരാശരിയിൽ കുറവ് വരുവാൻ കാരണം. എന്നാൽ മാർച്ച് മാസം ഇതുവരെയുള്ള കണക്ക് പ്രകാരം പ്രതിദിന ശരാശരി ഓപ്പറേഷൻ 4560 ആയി വർദ്ധിച്ചിട്ടുണ്ട്<br>സബ്സിഡി നീക്കം ചെയ്ത 18-1-2013 മുതൽ 20-3-2013 വരെ 8,89,32,334 കി. മീറ്റർ സർവ്വീസ് നടത്തിയിട്ടുണ്ട്. ഇതിനായി 2,30,00,795 ലിറ്റർ ഡീസൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 140,82,15,243 രൂപ ചെലവായിട്ടുണ്ട്.<br>സബ്സിഡി ഉണ്ടായിരുന്നുവെങ്കിൽ ഈ ഇനത്തിൽ 112,70,91,011 രൂപ മതിയാകുമായിരുന്നു. അധികമായി 28 കോടിയോളം രൂപ ചെലവായിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഡീസൽ എടുക്കുന്നതിനുപകരം, മറ്റ് സ്വകാര്യ പമ്പുകളിൽ നിന്നോ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക പമ്പുകളിൽ നിന്നോ കെ.എസ്.ആർ.ടി.സി വാഹനങ്ങളിൽ ഡീസൽ നിറച്ചാൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ കഴിയുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ? | (ഡി) | സബ്സിഡിയോടുകൂടിയ നിരക്കിൽ ഡീസൽ ശേഖരിക്കുവാൻ കെ.എസ്. ആർ.ടി.സി നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ, തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ഡിപ്പോകളിലെ ബസ്സുകൾക്ക്, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽ നിന്നുമാണ് ഡീസൽ നിറയ്ക്കുന്നത്. ബാക്കി സ്ഥലങ്ങളിൽ റീട്ടെയിൽ ഔട്ട് ലെറ്റുകളിൽ നിന്നും ഡീസൽ നിറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ